# പതിമൂന്നാം കേരളനിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2388** **01/04/2013 ൽ മറുപടിക്ക്**

**ഹോമിയോപ്പതി ഫാർമസിസ്റ്റ് തസ്തികയുടെ അടിസ്ഥാനയോഗ്യത**

**ചോദ്യം** **മറുപടി**

**ശ്രീ. ജി. എസ്. ജയലാൽ** **ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | ഹോമിയോപ്പതിവകുപ്പിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന വർക്ക്സ്റ്റഡിയുടെ ഭാഗമായി പ്രസ്തുത വകുപ്പിലെ ഫാർമസിസ്റ്റ് തസ്തികയുടെ അടിസ്ഥാന യോഗ്യത നഴ്സ് കം ഫാർമസിസ്റ്റ് (എൻ.സി.പി) കോഴ്സ് എന്നതു മാറ്റി ഡിഫാം/ബീഫാം എന്നാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) | വർക്ക് സ്റ്റഡി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത വകുപ്പിൽ നഴ്സ് തസ്തികയിൽ ജോലിനോക്കുന്നവരെ പുനർവിന്യാസം വഴി ഫാർമസിസ്റ്റ് തസ്തികയിലേക്ക് നിയമിക്കുവാൻ നടപടി സ്വീകരിക്കുന്നുവോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | നഴ്സ് തസ്തികയിൽ ജോലി നോക്കുന്നവരെ ഫാർമസിസ്റ്റ് തസ്തികയിലേക്ക് പുനർവിന്യാസം വഴി നിയമിച്ചാൽ, നഴ്സ് കം ഫാർമസിസ്റ്റ് (എൻ.സി.പി.) കോഴ്സ് മാത്രം പഠിച്ച ഉദ്യോഗാർത്ഥികളുടെ തൊഴിലവസരം നഷ്ടപ്പെടുമെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ ഫാർമസിസ്റ്റ് കോഴ്സ് (എൻ.സി.പി) പഠിച്ച ഉദ്യോഗാർത്ഥികൾക്കു കൂടി അവസരം ലഭിക്കുംവിധം നടപടികൾ പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ